**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - കാസറഗോഡ് ജില്ലയിലെ കാറഡുക്ക ഗ്രാമപഞ്ചായത്തിൽ ക്ലാർക്കായ ശ്രീ. സതീശൻ.എൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA (EKM) 858/2019 നമ്പർ കേസ്സിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 31.05.2019 ലെ ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

**സ.ഉ(സാധാ) നം.2652/2019/തസ്വഭവ തീയതി, തിരുവനന്തപുരം, 25/11/2019**

---

പരാമർശം:- 1. സർക്കുലർ നം 131867/റൂൾസ്/72/പിഡി, തീയതി 14.09.1973

2. ശ്രീ.സതീശൻ.എൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA (EKM) 858/2019 നമ്പർ കേസ്സിന്മേലുള്ള 31.05.2019 ലെ ഉത്തരവ്.

3. പഞ്ചായത്ത് ഡയറക്ടറുടെ 02.08.2019 ലെ ഇ 6-636/2019 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കാസറഗോഡ് ജില്ലയിലെ കാറഡുക്ക ഗ്രാമപഞ്ചായത്തിൽ ക്ലാർക്കായ ശ്രീ. സതീശൻ.എൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA (EKM) 858/2019 നമ്പർ കേസ്സിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 31.05.2019 ൽ പുറപ്പെടുവിച്ച ഉത്തരവിൽ അപേക്ഷകൻ തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറി മുൻപാകെ സമർപ്പിച്ച അനക്ഷർ A7 നിവേദനത്തിന്റെ എല്ലാ വശവും പരിശോധിച്ച്, അപേക്ഷകനെ നേരിൽ കേട്ട് ഉത്തരവ് ലഭിക്കുന്ന തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്ന് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

2. കാസറഗോഡ് ജില്ലയിൽ മൂളിയാർ ഗ്രാമപഞ്ചായത്തിൽ അനുവദിച്ചിട്ടുള്ള ലൈബ്രേറിയൻ ഗ്രേഡ് IV തസ്തിക ഒഴിഞ്ഞു കിടക്കുകയാണെന്നും സ്പെഷ്യൽ റൂൾ പ്രകാരം തസ്തിക മാറ്റ നിയമനത്തിന് യോഗ്യരായ ആരും ഇല്ലെന്നും ലൈബ്രേറിയൻ ഗ്രേഡ് IV നിയമനത്തിന് തികച്ചും യോഗ്യനായ തന്നെ നിലവിലുള്ള സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്തോ അല്ലെങ്കിൽ നിലവിലുള്ള ചട്ടങ്ങളിൽ ഇളവു നൽകിയോ KS&SSR റൂൾ 39 പ്രകാരം സർക്കാരിന്റെ പ്രത്യേക പരിഗണന നൽകി തനിക്ക് ലൈബ്രേറിയൻ ഗ്രേഡ് IV ആയി നിയമനം അനുവദിക്കണമെന്ന് അനക്ഷർ A7 മുഖാന്തിരം അപേക്ഷകൻ ആവശ്യപ്പെട്ടിരിക്കുന്നു. ശ്രീ. സതീശൻ.എൽ-നെ തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി 02.08.2019 ന് നേരിൽ കേൾക്കുകയുണ്ടായി. കാസറഗോഡ് ജില്ലയിലെ കാറഡുക്ക ഗ്രാമപഞ്ചയത്തിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ സതീശൻ എൽ ന് 21 വർഷത്തെ സേവനകാലയളവ് ഉണ്ടെന്നും വകുപ്പ് തല പരീക്ഷകൾ പാസ്സാകാത്തതിനാൽ സ്ഥാനകയറ്റത്തിനുള്ള സാധ്യതയില്ലെന്നും ടിയാന്റെ രോഗസ്ഥിതി കൂടി കണക്കിലെടുത്ത് KS&SSR ചട്ടം 39

ഇളവുചെയ്യുന്നതിനായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പരാമർശം(1) സർക്കുലർ പ്രകാരമുള്ള പരിഗണനയും നൽകണമെന്ന് അപേക്ഷിച്ചു.

3. ലൈബ്രേറിയൻ ഗ്രേഡ് IV തസ്തിക 1994 ലെ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ ഗ്രൂപ്പ് 3 യിൽ ഉൾപ്പെട്ട തസ്തികയാണ്. പ്രസ്തുത ചട്ട പ്രകാരം പഞ്ചായത്ത് വകുപ്പിൽ ലൈബ്രേറിയൻ ഗ്രേഡ് IV തസ്തികയിലേയ്ക്കുള്ള നിയമന രീതി ചുവടെ ചേർക്കും പ്രകാരമാണ്.

1. By promotion from among qualified Grade IV persons
2. In the absence of suitable persons under (1) above by appointment by transfer from among qualified full time contingent employees with four years service
3. In the absence of suitable persons under items (1) and (2) above by direct recruitment.

ലൈബ്രേറിയൻ ഗ്രേഡ് IV തസ്തികയിൽ നിന്നും ലൈബ്രേറിയൻ തസ്തികയിലേയ്ക്കുള്ള തസ്തികമാറ്റം ചട്ടപ്രകാരം വ്യവസ്ഥ ചെയ്യപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ സമാന ആവശ്യം ഉന്നയിച്ച് മുമ്പ് സമർപ്പിച്ചിരുന്ന ടിയാന്റെ അപേക്ഷ പഞ്ചായത്ത് ഡയറക്ടർ നിരസിച്ചിട്ടുണ്ട്. സ്പെഷ്യൽ റൂൾ പ്രകാരം ക്ലാർക്ക് തസ്തികയിലെ ഉദ്യോഗസ്ഥർക്ക് ഏതെങ്കിലും വിധത്തിലുള്ള ബൈട്രാൻസ്ഫർ നിയമനം പ്രതിപാദിച്ചിട്ടില്ല. സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള സ്ഥാനകയറ്റത്തിനുള്ള ഫീഡർ തസ്തികയായിട്ട് മാത്രമാണ് ക്ലാർക്ക് തസ്തികയെ പരാമർശിച്ചിട്ടുള്ളത്. സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്താത്ത തസ്തികമാറ്റം അനുവദിക്കുന്നത് പരിഗണനാർഹമല്ല

4. പഞ്ചായത്ത് വകുപ്പിനു കീഴിലെ കാറഡുക്ക ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.സതീശൻ എൽ നെ വകുപ്പിലെ സ്പെഷ്യൽ റൂൾ മറികടന്ന് ബൈട്രാൻസ്ഫർ നിയമനം നൽകുന്ന പക്ഷം അത് മറ്റ് യാതൊരു വിധ പ്രൊമോഷൻ സാധ്യതയുമില്ലാത്ത ഗ്രേഡ് IV വിഭാഗത്തിൽപെട്ട ഒരു ജീവനക്കാരന്റെ തസ്തികമാറ്റ നിയമനം നിഷേധിക്കുന്നതായിരിക്കും. അതല്ലെങ്കിൽ യോഗ്യരായ ഗ്രേഡ് IV ജീവനക്കാരില്ലാത്തപക്ഷം നേരിട്ടുള്ള നിയമനം നടത്തേണ്ടതാണെന്നിരിക്കെ ഒരു തൊഴിൽ രഹിതന് അവസരം നിഷേധിക്കുന്നതായിരിക്കും. ഇത് അപ്രകാരമുള്ള ജീവനക്കാരോടുള്ള നീതി നിഷേധമോ തുല്യ നീതി നിഷേധമോ ആകുന്നതാണ്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു സർക്കാർ വകുപ്പുകളിലെ തസ്തികകളിലേയ്ക്ക് നിയമനം നടത്തേണ്ടതു ബന്ധപ്പെട്ട സ്പെഷ്യൽ റൂൾ വ്യവസ്ഥകൾക്കനുസൃതമായാണ്. 1994 ലെ Kerala Panchayat Subordinate Service ചട്ടങ്ങളിലെ ചട്ടം 3-ലെ ഗ്രൂപ്പ് 3, കാറ്റഗറി 4-ലെ വ്യവസ്ഥകൾ പ്രകാരം ലൈബ്രേറിയൻ ഗ്രേഡ് IV തസ്തികയിലേയ്ക്ക് പരിഗണിക്കപ്പെടുവാൻ ഗ്രാമപഞ്ചായത്തിൽ ക്ലാർക്കായ ശ്രീ.സതീശൻ.എൽ അർഹനല്ല. പൊതുവായ താല്പര്യങ്ങൾക്ക് അനുസൃതമായി വ്യവസ്ഥാപിതമായ മാർഗ്ഗത്തിലൂടെ രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ റൂൾ വ്യക്തി താല്പര്യങ്ങൾ മുൻ നിർത്തി ഭേദഗതി ചെയ്യണമെന്ന ടിയാന്റെ ആവശ്യം പരിഗണനാർഗഹമല്ല. കൂടാതെ ചട്ടങ്ങളുടെ പ്രയോഗം മൂലം സാമാന്യ നീതി നിഷേധിക്കപ്പെടുന്ന അത്യപൂർവ്വം കേസുകളിൽ അത്യധികം അവധാനതയോടെ മാത്രം പ്രയോഗിക്കേണ്ടതാണ് പൊതു ചട്ടം 39. വ്യക്തികളുടെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിച്ച് ചട്ടം 39 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം വിനിയോഗിച്ച് നിയമനം നൽകുന്നതു ശരിയായ കീഴ് വഴക്കമല്ല. ടി ചട്ടത്തിന്റെ പ്രയോഗം സംബന്ധിച്ചുള്ള പരാമർശം (1) സർക്കുലറിൽ വിവക്ഷിച്ചിട്ടുള്ള 'Compelling reasons' യാതൊന്നും തന്നെ ഈ കേസിൽ ഉള്ളതായി കാണുന്നില്ല. അതിനാൽ ചട്ടം 39 പ്രയോഗിച്ച് ശ്രീ. സതീശനെ ലൈബ്രേറിയൻ തസ്തികയിൽ പരിഗണിക്കുവാൻ സാധിക്കുകയില്ല എന്നതിനാൽ ശ്രീ.സതീശൻ എൽ OA (E.K.M) 858/2019

നമ്പർ കേസ്സിൽ അനക്ഷർ A7 പ്രകാരം ഉന്നയിച്ചിരിക്കുന്ന നിലവിലുള്ള സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്തോ അല്ലെങ്കിൽ നിലവിലുള്ള ചട്ടങ്ങളിൽ ഇളവു നൽകിയോ KS&SSR റൂൾ 39 പ്രകാരം സർക്കാരിന്റെ പ്രത്യേക പരിഗണന നൽകി തനിക്ക് ലൈബ്രേറിയൻ ഗ്രേഡ് IV ആയി നിയമനം അനുവദിക്കണമെന്ന ആവശ്യം നിരസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. പരാമർശം (2) പ്രകാരമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA(EKM) 858/2019 നമ്പർ കേസ്സിന്മേലുള്ള 31.05.2019 ലെ ഉത്തരവ് ഇപ്രകാരം നടപ്പാക്കിയിരുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ.ബി**

**ഗവ. ഡെപ്യൂട്ടി സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ. സതീശൻ.എൽ, ക്ലാർക്ക്, കാറഡുക്ക ഗ്രാമ പഞ്ചായത്ത്, കാസറഗോഡ്
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, കാറഡുക്ക ഗ്രാമപഞ്ചായത്ത്, കാസറഗോഡ് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (06/09/2019 ലെ ബി2/115/19/ഉ.ഭ.പ.വ നമ്പർ കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം , തിരുവനന്തപുരം.
കരുതൽ ഫയൽ / ആഫീസ് പകർപ്പ്. (ഫയൽ നം. 128/ഇപിഎ 1/2019/തസ്വഭവ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ